"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-ഹെൽത്ത് സർവീസസ് - ജീവനക്കാര്യം-ആരോഗ്യ വകുപ്പിൽ വയനാട് ജില്ലയിലെ ചുള്ളിയോട്, പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി ജിജി.കെ. അലക്സ് -നു ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.243/2025/H&FWD തീയതി, തിരുവനന്തപുരം, 29-01-2025

---

പരാമർശം:- 1. ശ്രീമതി ജിജി.കെ.അലക്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II സമർപ്പിച്ച 22/01/2022 -ലെ അപേക്ഷ

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/08/2022 തീയതിയിലെ എം.ആർ 2 - 17967 /2022 / ആ.വ.ഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ വയനാട് ജില്ലയിലെ ചുള്ളിയോട് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി.ജിജി.കെ.അലക്സിന്റെ മാതാവിന്റെ ചികിത്സ കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ 05.11.2021 - 25.12.2021 കാലയളവിൽ നടത്തിയതിന് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ചികിത്സയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധരേഖകളും പരിശോധിച്ച് Rs.3,01,634/- (മൂന്ന് ലക്ഷത്തി ആയിരത്തി അറുനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) അനുവദനീയമായ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ, വയനാട് ജില്ലയിലെ ചുള്ളിയോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആയ ശ്രീമതി.ജിജി.കെ.അലക്സിന്റെ മാതാവിന്റെ ചികിൽസയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ 05.11.2021 - 25.12.2021 കാലയളവിൽ ചെലവായ 3,15,283.23 രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നു അറിയിച്ചിരിയ്ക്കുന്ന തുകയായ 3,01,634/- രൂപയുടെ 80% ആയ 2,41,307- (രണ്ട് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി മുന്നൂറ്റി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

(ബില്ലുകളും ബന്ധപ്പെട്ട രേഖകളും സഹിതം)

ശ്രീമതി.ജിജി.കെ.അലക്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II, പ്രാഥമികാരോഗ്യകേന്ദ്രം,

ചുള്ളിയോട്, വയനാട്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട്

മെഡിക്കൽ ഓഫീസർ, പ്രാഥമീകാരോഗ്യകേന്ദ്രം, ചുള്ളിയോട്, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ (ലോൺസ്) വകുപ്പ് (30.12.2022 -ലെ ലോൺസ്-എൽ1/479/2022/ധന നമ്പർ പ്രകാരം)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 29-01-2025 14:06:05

സെക്ഷൻ ഓഫീസർ